# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3291** **22.08.2017-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി യിലെ കാഷ്യർ തസ്തികകളുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കോവൂർ കുഞ്ഞുമോൻ** | | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | Kerala administrative vigilance cell ന്റെ വിശദ പരിശോധനയിൽ കെ.എസ്.ഇ.ബി യിൽ കണ്ടെത്തിയ 497 കാഷ്യർ തസ്തികകൾ നികത്തുന്നതിന് 18.02.2017 ൽ പ്രിൻസിപ്പൽ സെക്രട്ടറി, 120877/എ.വി.സി(1) 2016 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതുൾപ്പെടെ നാളിതുവരെ വിരമിച്ച ജീവനക്കാരുടെ കണക്ക് ചേർത്ത് എത്ര ഒഴിവുകൾ നിലവിലുണ്ട്; എന്നാൽ ഈ ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിന് എന്തെങ്കിലും കാരണമുണ്ടോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി 21.09.2017 ൽ അവസാനിക്കുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് ഒഴിവുകൾ പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി കൈക്കൊള്ളുമോ ? | (ബി) | റാങ്ക് ലിസ്റ്റിന്റെ കാലാവധി 21.09.2017 ൽ അവസാനിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭിന്ന ശേഷിക്കാർക്കായി പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ കിഴിച്ച്, ജീവനക്കാർ വിരമിച്ചതുമൂലം ഉണ്ടായത് ഉൾപ്പെടെ, പി.എസ്.സി വഴി നികത്തേണ്ട 432 ഒഴിവുകൾ കാഷ്യർ തസ്തികയിൽ കെ.എസ്.ഇ.ബിയിൽ നിലവിലുണ്ട്. ജീവനക്കാർ അധികമെന്ന വിലയിരുത്തലിൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ 6000 ത്തോളം ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടില്ലെന്നും കാഷ്യർ/ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുൾപ്പെടെയുള്ളവരെ പുനർവിന്യസിക്കാൻ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയിൽ വിവിധ തസ്തികയിൽ ആവശ്യമുള്ള ജീവനക്കാർ എത്രയെന്ന കണക്കാക്കി പുനർവിന്യാസം ഉൾപ്പെടെയുള്ളവ പരിശോധിച്ചതിനു ശേഷമേ കാഷ്യർ/ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയൂ എന്നും കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിലപാട് 18.02.2017 ലെ കത്ത് മുഖാന്തിരം കെ.എസ്. ഇ.ബിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ